കോന്നി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഐ.എച്ച്.ആർ.ഡി.-യുടെ കോന്നി അപ്ലൈഡ് സയൻസ് കോളേജിൽ പുതിയ പി.ജി. കോഴ്സായ എം.എസ്സ്സി. കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്) സർക്കാരിന്റേയും യൂണിവേഴ്സിറ്റിയുടേയും അനുമതി ലഭിക്കുന്നമുറയ്ക്ക് ആരംഭിക്കുന്നതിന് 30-6-2021-ൽ കൂടിയ ഐ.എച്ച്. ആർ. ഡി.-യുടെ 103-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്ന പുതിയ കോളേജുകൾ

96(2816) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വർക്കല, വാമനപുരം എന്നിവിടങ്ങളിൽ സർക്കാർ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ഉന്നത വിദ്യാഭ്യാസ നയം

97(2817) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിന് ആക്കം കൂട്ടുന്നതിനായി ആവിഷ്കരിക്കുന്ന ഉന്നതവിദ്യാഭ്യാസ നയം സംബന്ധിച്ച് വിശദമാക്കാമോ;

&

(ബി) പ്രസ്തുത നയത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ & ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

ലെറ്റ്സ് ഗോ ഡിജിറ്റൽ നയം

98(2818) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് മുഴുവൻ കോളേജ് വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഉപകരണം നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ എല്ലാ വിദ്യാർത്ഥികൾക്കും ആയത് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly